പ്പെട്ടിട്ടുണ്ട്. ഇവയിൽ കഷ്ടിച്ച് ആയിരം എണ്ണത്തിനേ പര്യാപ്തമായ സംരക്ഷണമുള്ളൂ.

1981–ൽ ഗയ മ്യൂസിയത്തിൽനിന്ന് അഞ്ച് വെങ്കലപ്രതിമകഠം പട്ടാപ്പകൽ അപഹരിക്കപ്പെട്ടു. തോക്കുകാട്ടി കാവൽക്കാരെ ഭയപ്പെടുത്തിയാണ് ഈ കവർച്ച നടത്തപ്പെട്ടത്. രാഷ്ട്രപതി രാജേന്ദ്രപ്രസാദ് പട്ന മ്യൂസിയത്തിലേക്ക് നൽകിയ ഏതാനും സ്വർണ–കലാവസ്തുക്കഠം 1983–ൽ കൊള്ളയടിക്കപ്പെട്ടു. പുരിയിലെ ജഗന്നാഥക്ഷേത്രത്തിലെ വിഗ്രഹങ്ങളിൽ, കണ്ണിന്റെ സ്ഥാനത്തു പതിച്ചിരുന്ന വൈരക്കല്ലുകഠം കട്ടു കടത്തപ്പെട്ടു എങ്കിൽ, ലക്ഷക്കണക്കിലുള്ള ഗ്രാമക്ഷേത്രങ്ങളിലെ കലാവസ്തുക്കഠംക്ക് എന്തു സംരക്ഷണമാണുള്ളത്?

ക്ഷേത്രങ്ങളിൽനിന്ന് മോഷ്ടിക്കപ്പെടുന്ന വസ്തുക്കളെസ്സംബന്ധിച്ച വിവരം പൊതുജനങ്ങഠംക്ക് കിട്ടുന്നത്, അവ എവിടെയെങ്കിലുംവെച്ച് പിടിക്കപ്പെടുമ്പോഠം മാത്രമാണ്. തമിഴ്നാട്ടിൽ ശിവപുരം ക്ഷേത്രത്തിലുണ്ടായിരുന്നതും, പതിനൊന്നാംനൂററാണ്ടിൽ നിർമിക്കപ്പെട്ടതുമായ നടരാജ വിഗ്രഹം മോഷ്ടിക്കപ്പെട്ടത് ആരും അറിഞ്ഞില്ല. അമ്പതു കിലോഗ്രാം തൂക്കമുള്ള ഈ പഞ്ചലോഹവിഗ്രഹം 1956–ൽ കണ്ടുകിട്ടിയപ്പോഠം മാത്രമാണ് അതു നഷ്ടപ്പെട്ട കാര്യം ക്ഷേത്രാധികൃതർ വെളിക്കുവിട്ടത്. ഈ വിഗ്രഹത്തിന്റെ തനിപ്പകർപ്പ് ന്യൂയോർക്കിലെ സൈമൺ നോർട്ടൻ ഫൗണ്ടേഷനിലുണ്ട്. ശരിയായ വിഗ്രഹം അമേരിക്കയിൽ ഉള്ളതാണെന്നും ശിവപുരത്തിലേത് അതിന്റെ പകർപ്പുമാത്രമാണെന്നും കരുതുന്നവർ കുറവല്ല. ഇതു മോഷ്ടിച്ച വിററവന് കിട്ടിയത് 5000 രൂപ മാത്രമാണ്. പക്ഷേ, അമേരിക്കൻ ഉടമ പറയുന്നത് അതിന് പത്തുലക്ഷം ഡോളർ വിലകിട്ടുമെന്നാണ്. 1972–ൽ നാല്പത്തിയാറ് പഞ്ചലോഹവിഗ്രഹങ്ങഠം മോഷ്ടാക്കളിൽനിന്ന് തിരിച്ചുപിടിക്കപ്പെട്ടപ്പോഠം, അവ ഏതേതു ക്ഷേത്രങ്ങളിലെയാണെന്നു പറയാൻ തമിഴ്നാട് ഗവണ്മെൻറിനു കഴിഞ്ഞില്ല.

പ്രാചീനവസ്തു–കലാഭണ്ഡാര–നിയമത്തെപ്പററി വ്യാപകമായ ബോധം ജനങ്ങഠംക്കിടയിൽ ഉണ്ടാകേണ്ടതാണ്. തങ്ങളുടെ കൈവശമുള്ള പ്രാചീനവസ്തുക്കളും കലാവസ്തുക്കളും ജനങ്ങഠം സ്വമേധയാ ഗവണ്മെൻറിൽ രജിസ്റ്റർചെയ്യണം. അതിനുള്ള സൗകര്യം ആർക്കിയോളജിക്കൽ സർവേക്കാർ ഏർപ്പെടുത്തിക്കൊടുക്കുകയും വേണം. ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരികപൈതൃകത്തിൽ വളരെ വലിയ ഒരു പങ്ക് ഇതിനകം നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു. അവശേഷിച്ച പ്രാചീനവസ്തുക്കളും കലാവസ്തുക്കളും സംരക്ഷിക്കാനും അവയെ ബഹുജനശ്രദ്ധയിൽ കൊണ്ടുവരാനും പര്യാപ്തമായ വ്യവസ്ഥകഠം ഉണ്ടാക്കേണ്ടിയിരിക്കുന്നു

(25 ഏപ്രിൽ, 1985)

## 58. നോഹിന്റെ പെട്ടകം

മനുഷ്യഹൃദയങ്ങളിൽ എന്നും സ്വാധീനം ചെലുത്തുന്ന ചില ഇതിഹാസകഥകഠം ഉണ്ട്. ബൈബിളിൽ 'പഴയനിയമ'ത്തിലെ 'ഉല്പത്തിപുസ്തക'ത്തിൽ അഞ്ചുമുതൽ പത്തുവരെ അദ്ധ്യായങ്ങളിൽ വിവരിക്കുന്ന നോഹിന്റെ പെട്ടകത്തെ സംബന്ധിച്ച കഥ ഇക്കൂട്ടത്തിൽപ്പെടുന്നു.

മനുഷ്യരിൽ തിന്മ പെരുകിവന്നപ്പോഠം, ഭൂമിയിൽ മനുഷ്യരെ സൃഷ്ടിച്ചതിൽ ദൈവം ദുഃഖിച്ചു. ദൈവം പറഞ്ഞു: 'ഞാൻ സൃഷ്ടിച്ച മനുഷ്യ

നെ ഭൂമുഖത്തുനിന്നു ഞാൻതന്നെ മായിച്ചുകളയും—മനുഷ്യനെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പക്ഷികളെയും. അവയെ സൃഷ്ടിച്ചതിൽ ഞാൻ ദുഃഖിക്കുന്നു.'

എങ്കിലും ലാമെക്കിന്റെ പുത്രനായ നോഹ് ദൈവത്തിനു അഭിമതനായിരുന്നു. നോഹ് ധർമനിഷ്ഠനായിരുന്നു—തന്റെ തലമുറയിൽ കുററമററ മനുഷ്യൻ.

ദൈവം നോഹിനോടു പറഞ്ഞു: 'ജീവജാലങ്ങൾക്കു അറുതിവരുത്താൻ ഞാൻ ഉറച്ചിരിക്കുന്നു. കാരണം അവരിലൂടെ ഭൂമി അക്രമംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. ഞാൻ ഭൂമിയോടൊപ്പം അവരെ നശിപ്പിക്കും. നീ ഗോഫർമരംകൊണ്ടു ഒരു പെട്ടകം ഉണ്ടാക്കുക. പെട്ടകത്തിനു അറകൾ ഉണ്ടാക്കി, അകത്തും പുറത്തും കീൽ തേയ്ക്കണം. പെട്ടകം നിർമിക്കേണ്ടതു ഈവിധമാണ്: അതിനു മുന്നൂറു മുഴം നീളവും അമ്പതു മുഴം വീതിയും മുപ്പതു മുഴം ഉയരവും ഉണ്ടായിരിക്കണം. പെട്ടകത്തിനു, വശങ്ങളിൽനിന്നു ഒരു മുഴം തള്ളി ഉയരത്തിൽ ഒരു മേൽക്കൂര പണിയണം. വാതിൽ പെട്ടകത്തിന്റെ ഒരു വശത്തായിരിക്കണം. പെട്ടകത്തിനു ഒരു കീഴ്ത്തട്ടും രണ്ടാം തട്ടും മേൽത്തട്ടും വേണം.'

'നോക്കൂ, ആകാശത്തിനു കീഴിൽ ജീവനുള്ള സകലതിനെയും നശിപ്പിക്കാൻ തക്കവണ്ണം ഭൂമിയിൽ ഞാൻ ഒരു ജലപ്രളയം വരുത്താൻ പോകുന്നു. ഭൂമിയിലുള്ള സകല ജീവജാലങ്ങളും നശിക്കും. പക്ഷേ, ഞാൻ നീയുമായി എന്റെ ഉടമ്പടി സ്ഥാപിക്കും.

'നീ പെട്ടകത്തിനകത്തു പ്രവേശിക്കണം. നിന്റെ ഭാര്യയും നിന്റെ പുത്രന്മാരും അവരുടെ ഭാര്യമാരും നിന്നോടുകൂടെ അകത്തു പ്രവേശിക്കട്ടെ. എല്ലാ ജീവികളിൽനിന്നും രണ്ടെണ്ണത്തെ വീതം, നിന്നോടുകൂടി ജീവിക്കുന്നതിനുവേണ്ടി, പെട്ടകത്തിനകത്തു കടത്തിവിടണം. ഇവ ആണും പെണ്ണുമായിരിക്കണം. വിവിധയിനം പക്ഷികളിൽനിന്നും, വിവിധ—ഇനം മൃഗങ്ങളിൽനിന്നും, വിവിധ—ഇനം ഇഴജന്തുക്കളിൽനിന്നും ഓരോ ജോഡി, അവയുടെ ജീവൻ നിലനിർത്തുന്നതിനുവേണ്ടി, നീ എടുക്കണം. ഭക്ഷണത്തിനുള്ള എല്ലാ വകയും പെട്ടകത്തിനകത്തു ശേഖരിച്ചുകൊള്ളുക; നിനക്കും അവയ്ക്കും ആഹാരത്തിനുവേണ്ടി.'

ദൈവം കല്പിച്ചതെല്ലാം നോഹ് ചെയ്തു.

ഏഴു ദിവസം കഴിഞ്ഞപ്പോൾ ഭൂമിയിൽ ജലപ്രളയം ഉണ്ടായി. അത്യഗാധതയിലെ ഉറവകൾ എല്ലാം പൊട്ടിയൊഴുകി. ആകാശത്തിന്റെ വാതായനങ്ങൾ തുറക്കപ്പെട്ടു. നാല്പതു രാവും നാല്പതു പകലും ഭൂമിയിൽ മഴ പെയ്തു. ജലം വർദ്ധിച്ചു പെട്ടകത്തെ ഭൂമിയിൽനിന്നു ഏറെ ഉയർത്തി. ഭൂമിയിൽ വെള്ളം പെരുകിപ്പെരുകി വന്നു. പെട്ടകം വെള്ളത്തിനു മുകളിൽ ഒഴുകിനടന്നു. ആകാശത്തിനു കീഴെയുള്ള ഉന്നതപർവതങ്ങളെല്ലാം മൂടിപ്പോകുമാറു വെള്ളം ശക്തമായി പെരുകി. പർവതങ്ങൾക്കുമേൽ വെള്ളം പതിനഞ്ചു മുഴം ഉയർന്നു. ഭൂമിയിൽ ചലിച്ചിരുന്ന എല്ലാ ജീവജാലങ്ങളും—പക്ഷികളും കന്നുകാലികളും മൃഗങ്ങളും, ഭൂമിയിൽ നിറഞ്ഞിരുന്ന എല്ലാ ജന്തുക്കളും, എല്ലാ മനുഷ്യരും, ജീവശ്വാസമുള്ളതായി കരയിലുണ്ടായിരുന്ന എല്ലാ ജീവജാലങ്ങളും—ചത്തൊടുങ്ങി. നോഹ് മാത്രം ശേഷിച്ചു; കൂടെ പെട്ടകത്തിലുണ്ടായിരുന്നവരും. നൂററമ്പതു ദിവസത്തേക്കു ഭൂമിയിൽ വെള്ളപ്പൊക്കം തുടർന്നു.

ദൈവം നോഹിനെയും അയാളോടുകൂടെ പെട്ടകത്തിൽ ഉണ്ടായിരുന്ന എല്ലാ ജന്തുക്കളെയും കന്നുകാലികളെയും ഓർത്തു. ദൈവം ഭൂമിയിൽ കാററു വീശിച്ചു. അതോടെ വെള്ളപ്പൊക്കം നിലച്ചു. അഗാധത്തിലെ ഉറവകളും ആകാശത്തിന്റെ വാതായനങ്ങളും അടഞ്ഞു. ആകാശത്തിൽ നിന്നുള്ള മഴ ശമിച്ചു. വെള്ളം ഭൂമിയിൽനിന്നു തുടർച്ചയായി ഇറങ്ങി

ക്കൊണ്ടിരുന്നു. നൂററമ്പതു ദിവസം കഴിഞ്ഞപ്പോൾ വെള്ളം ഇറങ്ങി. ഏഴാംമാസം പതിനേഴാംദിവസം പെട്ടകം അരരാത്ത് പർവതത്തിൽ ചെന്നു് ഉറച്ചു. പത്താംമാസംവരെ വെള്ളം തുടർച്ചയായി ഇറങ്ങിക്കൊണ്ടിരുന്നു.

നാല്പതു ദിവസം കഴിഞ്ഞപ്പോൾ താൻ പെട്ടകത്തിനു് ഉണ്ടാക്കിയിരുന്ന കിളിവാതിൽ നോഹ് തുറന്നു. ഒരു പെരുങ്കാക്കയെ പുറത്തേക്കയച്ചു. ഭൂമിയിൽ വെള്ളം വററുന്നതുവരെ അതു വന്നും പോയുമിരുന്നു. അനന്തരം ഭൂമുഖത്തുനിന്നു വെള്ളം ഇറങ്ങിയോ എന്നു് അറിയാൻ ഒരു പ്രാവിനെ അയച്ചു. എന്നാൽ, ഭൂമുഖത്തു സർവത്ര വെള്ളം കിടന്നിരുന്നതിനാൽ പ്രാവ് കാൽകുത്താൻ ഇടംകാണാതെ പെട്ടകത്തിൽ നോഹിന്റെ അടുക്കൽ മടങ്ങിയെത്തി. അയാൾ കൈനീട്ടി പ്രാവിനെ പിടിച്ചു് പെട്ടകത്തിനകത്തു കയററി. നോഹ് ഏഴു ദിവസംകൂടി കാത്തിരുന്നു. വീണ്ടും അയാൾ പ്രാവിനെ പെട്ടകത്തിൽനിന്നു പുറത്തയച്ചു. പ്രാവ് വൈകുന്നേരം മടങ്ങിയെത്തി. അതാ, പ്രാവിന്റെ ചുണ്ടിൽ പുതുതായി അടർത്തിയെടുത്ത ഒരു ഒലീവ് ഇല! അങ്ങനെ, ഭൂമിയിൽനിന്നു വെള്ളം ഇറങ്ങി എന്നു് നോഹ് മനസ്സിലാക്കി. വീണ്ടും ഏഴുദിവസംകൂടി കാത്തിരുന്നശേഷം നോഹ് പ്രാവിനെ അയച്ചു. അതു തിരികെ വന്നതേയില്ല.

അറുനൂറെറാന്നാം വത്സരം ഒന്നാംമാസം ഒന്നാം ദിവസം കരയിലെ വെള്ളം വററിയിരുന്നു. നോഹ് പെട്ടകത്തിന്റെ മൂടി മാററി പുറത്തേക്കു നോക്കി. അതാ, ഭൂമുഖം ഉണങ്ങിക്കിടക്കുന്നു! രണ്ടാം മാസം ഇരുപത്തേഴാംദിവസം ആയപ്പോഴേക്കും ഭൂമി ഉണങ്ങി. അപ്പോൾ ദൈവം നോഹിനോടു് അരുൾചെയ്തു: 'നീ ഭാര്യയെയും പുത്രന്മാരെയും പുത്രഭാര്യമാരെയുംകൂട്ടി പെട്ടകത്തിൽനിന്നു് ഇറങ്ങുക. നിന്റെകൂടെയുള്ള എല്ലാ ജീവജാലങ്ങളെയും— പക്ഷികളെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും പുറത്തിറക്കുക. അവ ഭൂമിയിൽ പെററുപെരുകി, സന്താനപുഷ്ടിയോടെ, വളരെയധികം വർദ്ധിക്കട്ടെ!'

അങ്ങനെ നോഹ് ഭാര്യയെയും പുത്രന്മാരെയും പുത്രഭാര്യമാരെയും കൂട്ടി പുറത്തിറങ്ങി. എല്ലാ മൃഗവും എല്ലാ ഇഴജന്തുവും എല്ലാ പക്ഷിയും ഭൂമിയിൽ ചരിക്കുന്ന എല്ലാ ജീവിയും, കുടുംബം കുടുംബമായി പെട്ടകത്തിനു വെളിയിലിറങ്ങി.

നോഹ് ഒരു ബലിപീഠം പണിതു് ശുദ്ധിയുള്ള എല്ലാ പക്ഷികളിൽനിന്നും, ശുദ്ധിയുള്ള എല്ലാ മൃഗങ്ങളിൽനിന്നും, ചിലതു് എടുത്തു ദൈവത്തിനു ഹോമബലി അർപ്പിച്ചു. ദൈവം ഹൃദ്യമായ സൗരഭ്യം ആസ്വദിച്ചു. അവൻ ഹൃദയത്തിൽ പറഞ്ഞു: 'മനുഷ്യൻനിമിത്തം, ഇനി ഞാൻ ഭൂമിയെ ശപിക്കയില്ല. ഇനിമേൽ സകല ജീവികളെയും ഇപ്പോഴെന്നതുപോലെ ഞാൻ നശിപ്പിക്കുകയുമില്ല. ഭൂമി നിലനില്ക്കുന്നിടത്തോളംകാലം വിതയും കൊയ്ത്തും, ശീതവും ഉഷ്ണവും, വേനലും വർഷവും, രാത്രിയും പകലും, ഒരിക്കലും നിലച്ചുപോകയില്ല.'

ഇതാണു് നോഹിന്റെ പെട്ടകത്തെ സംബന്ധിച്ച കഥ. ഈ കഥയിൽ വിവരിക്കുന്ന സംഗതികൾ യഥാർത്ഥത്തിൽ സംഭവിച്ചവയാണെന്ന വിശ്വാസം പലരും ഇന്നും പുലർത്തിവരുന്നു. പണ്ടു് എപ്പോഴോ ഉണ്ടായ ഒരു മഹാപ്രളയത്തെക്കുറിച്ചുള്ള സ്മരണകൾ എല്ലാ പുരാതനജനതകളിലും നിലനിന്നിരുന്നു. പ്രളയജലത്തിൽ അടിഞ്ഞുകൂടിയ എക്കലുകളും ഊറലുകളും പല പർവതശൃംഗങ്ങളിലും നിരീക്ഷകർ കണ്ടെത്തിയിട്ടുണ്ടു്.

നോഹിൻെറ പെട്ടകം ചെന്നുറച്ച അരരാത്ത് പർവതം എവിടെയാണ്? കിഴക്കെ തുർക്കിയിൽ, 'അഗ്രിഭാഗി' എന്ന തുർക്കിഭാഷയിൽ ഇപ്പോൾ വിളിക്കപ്പെടുന്ന മലയാണ ബൈബിളിലെ അരരാത്ത് എന്ന കാര്യത്തിൽ ഗവേഷകർ ഏകാഭിപ്രായക്കാരാകുന്നു. ആണ്ടിൽ ഒമ്പതു മാസവും മഞ്ഞുമൂടിക്കിടക്കുന്ന ഈ മലകയറുവാൻ ജൂലൈ—ആഗസ്റ്റ് മാസങ്ങളിൽ പല പർവതാരോഹകരും തുക്കിയിൽ വന്നെത്തുന്നു. ഇത്തവണ അറുപത്തിയെട്ട് അമേരിക്കക്കാരടക്കം എഴുപത്തിമൂന്നു വിദേശീയർ ഈ മല കയറുവാൻ തുർക്കിഗവൺമെൻറിൻെറ അനുവാദത്തിന് അപേക്ഷിച്ചിട്ടുണ്ട്. ഇവരിൽ ഒരാളായ റോൺ വൈയാട്ട് എന്ന അമേരിക്കൻ അണീസ്റ്റെററിസ്റ്റ് (ശസ്ത്രക്രിയയ്ക്കായി രോഗികളെ ബോധംകെടുത്തുന്നവൻ) പറയുന്നതു്, അഗ്രിഭാഗി (അരരാത്ത്) മലയുടെ തെക്കുപടിഞ്ഞാറെ വശത്തു്, ഏതാണ്ട് അഞ്ചു കിലോമീററർ ദൂരെ, സമുദ്രനിരപ്പിൽനിന്ന് ആറായിരത്തിമുന്നൂറ് അടി ഉയരത്തിൽ, മണ്ണിനടിയിൽ, നോഹയുടെ പെട്ടകം താൻ കണ്ടെത്തിയിട്ടുണ്ട് എന്നാണ്. ഇനി അതു കഴിച്ചു പുറത്തെടുക്കുകയേ വേണ്ടു! മെയ്മാസത്തിൽ ഈ ഉദ്ഖനനം നടത്താനായി മിസ്റ്റർ വൈയാട്ട് ഇപ്പോൾ തുർക്കിയുടെ തലസ്ഥാനമായ അങ്കാറയിൽ എത്തിയിരിക്കുന്നുവെന്ന് ഏപ്രിൽ 16-ാംതീയതി അവിടെനിന്ന് അയച്ച ഒരു പത്രവാർത്തയിൽ കാണുന്നു.

ബൈബിളിൽ വിവരിച്ച അതേ രൂപത്തിൽ, അതേ വലുപ്പത്തിൽ ഒരു മരക്കപ്പലിൻെറ ശിലീഭവിച്ച (ഫോസ്സിൽ ആയി മാറിയ) അവശിഷ്ടങ്ങൾ ഈ സ്ഥലത്തു താൻ കണ്ടുവെന്നാണ് മിസ്റ്റർ വൈയാട്ടിൻെറ അവകാശവാദം. കഴിഞ്ഞ വേനൽക്കാലത്താണ് ഈ അവശിഷ്ടങ്ങളുടെ മാതൃകകൾ ഈ സ്ഥലത്തുനിന്ന് അദ്ദേഹം ശേഖരിച്ചതു്. മണ്ണിനടിയിലുള്ള ലോഹങ്ങൾ കണ്ടെത്തുന്നതിനുള്ള ശക്തിയേറിയ ഒരു ഉപകരണം മിസ്റ്റർ വൈയാട്ട് കൊണ്ടുവന്നിരുന്നു. ഈ സ്ഥലത്തു്, ഒരു കപ്പലിൻെറ ആകൃതിയിൽ, മണ്ണിനടിയിൽ ലോഹമുള്ളതായും, ഒമ്പതു് അടിവീതം ഇടവിട്ട കുട്ടിയേറിയ മരത്തടികൾ (കപ്പലിൻെറ വാരിയെല്ലുകൾ) കിടക്കുന്നതായും ഈ ഉപകരണം അദ്ദേഹത്തിനു കാട്ടിക്കൊടുത്തു. മണ്ണിനടിയിലെ ഈ കപ്പലിനു നാനൂററിയെഴുപത്തിയൊന്നടി നീളവും നൂററിനാല്പത്തിയൊന്നടി ഉയരവുമുണ്ടെന്നും, പതിനെട്ടു മുതൽ ഇരുപത്തിരണ്ടുവരെ ഇഞ്ചാണ് ഒരു മുഴമെങ്കിൽ, ഈ അളവു് ബൈബിൾ നൽകുന്ന നോഹിൻെറ പെട്ടകത്തിൻെറ അളവുമായി ഒത്തിരിക്കുന്നുണ്ടെന്നും മിസ്റ്റർ വൈയാട്ട് കരുതുന്നു. താൻ ശേഖരിച്ച മാതൃകകൾ മിസ്റ്റർ വൈയാട്ട് അമേരിക്കയിലെ ജോർജിയ സർവകലാശാലയിലും ടെന്നസ്സിയിലെ ഗാൽബ്രെയ്ത്ത് ലാബറട്ടറിയിലും അപഗ്രഥിച്ചുനോക്കി, മണ്ണായി മാറിയ മരമാണ് അവയെന്ന് അദ്ദേഹം കണ്ടു. ഈ മാതൃകകൾക്ക് 5500 മുതൽ 5900 വരെ വർഷം പഴക്കമുണ്ടാവാമെന്ന്, പരമാണു ഭൗതിക ശാസ്ത്രജ്ഞനായ ഒരു സുഹൃത്തു് മിസ്റ്റർ വൈയാട്ടിനോടു പറയുകയും ചെയ്തു.

ഈ വരുന്ന മെയ്മാസത്തിൽ മിസ്റ്റർ വൈയാട്ട് നോഹിൻെറ പെട്ടകം മണ്ണിനടിയിൽനിന്നു കഴിച്ചു പുറത്തെടുക്കുമോ?

കഷ്ടിച്ചു രണ്ടുമാസമല്ലേ വേണ്ടു? ക്ഷമയോടെ കാത്തിരിക്കുക!

(19 മെയ്, 1985)